# കേരളസർക്കാർ

## പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

### ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,

### ശാന്തി നഗർ, തിരുവനന്തപുരം- 695001

## വിജ്ഞാപനം

**കീം 2021- മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനം**
**റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ**
**ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിക്കണം**

2021-22 അദ്ധ്യയന വർഷം സംസ്ഥാനത്തെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലെ (കീം 2021) അലോട്ട്മെന്റിന്റെ ഭാഗമായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കിയിട്ടുള്ള ഫീസ് തുക തിരികെ ലഭിക്കാൻ അർഹതയുള്ള വിദ്യാർത്ഥികളുടെ പട്ടിക **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ **'KEAM 2021-Candidate Portal'** എന്ന ലിങ്കിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും, ഫീസ് തുക തിരികെ ലഭിക്കാൻ അർഹതയുള്ളതുമായ വിദ്യാർത്ഥികൾ മേൽ വെബ് സൈറ്റിലെ **'Submit A/c Details- Refund'** എന്ന ലിങ്കിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Refund'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് അവരവരുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ **26.06.2022 മുതൽ 30.06.2022 വൈകിട്ട് 3.00 മണി** വരെ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തി ശരിയാണെന്ന് ഉറപ്പുവരുത്തി **'Submit'** ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതാണ്. തുടർന്ന് **'Print Submitted Account Details'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് ഓൺലൈനായി നൽകിയ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ അടങ്ങുന്ന ഒരു സ്ലിപ്പ് വെബ്സൈറ്റിൽ നിന്നും പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കാവുന്നതാണ്. വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ടിലേക്ക് റീഫണ്ടിന് അർഹതയുണ്ടെങ്കിൽ തുക ലഭ്യമാക്കുന്നതാണ്. അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്ന സമയക്രമം പിന്നീട് അറിയിക്കുന്നതാണ്. മേൽ പറഞ്ഞ റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾ ഇതിന് മുമ്പ് റീഫണ്ടിനായി ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഓൺലൈനായി സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വീണ്ടും പ്രസ്തുത വിവരങ്ങൾ സമർപ്പിക്കേണ്ടതില്ല.

**കുറിപ്പ്:** വിദ്യാർത്ഥി നൽകുന്ന ബാങ്ക് അക്കൗണ്ട് വിദ്യാർത്ഥികയുടേയോ രക്ഷിതാവിന്റേയോ പേരിലുള്ളതായിരിക്കണം. ഓൺലൈനായി സമർപ്പിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ശരിയാണെന്ന് വിദ്യാർത്ഥികൾ ഉറപ്പ് വരുത്തേണ്ടതാണ്. സീറോ ബാലൻസ് അക്കൗണ്ട്, ബേസിക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട്, ടൈനി അക്കൗണ്ട്, ജനപ്രിയ അക്കൗണ്ട് എന്നിവയിൽ നിലവിൽ അക്കൗണ്ട് ഉള്ളവർ റീഫണ്ട് ലഭിക്കുന്നതിനായി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് അവരവരുടെ അക്കൗണ്ട് മാറ്റേണ്ടതാണ്. എൻ.ആർ.ഐ അക്കൗണ്ടിലേയ്ക്ക് റീഫണ്ട് നൽകുന്നതല്ല. വിവരങ്ങൾ തെറ്റായി നൽകുന്നതുമൂലം റീഫണ്ട് തുക ലഭിക്കാതിരുന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.06.25 17:26:19 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**25/06/2022**